REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 23-04-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **നിയമസഭാ തിരഞ്ഞെടുപ്പ് പുരോഗമിക്കുന്ന പശ്ചിമബംഗാളിലും തമിഴ്നാട്ടിലും മികച്ച പോളിങ്.**
- **തൃശ്ശൂർ പൂരം നടത്തിപ്പുമായി ബന്ധപ്പെട്ട ഉന്നത തലയോഗം കലക്ട്രേറ്റിൽ പുരോഗമിക്കുന്നു.**
- **വിദ്യാഭ്യാസം അറിവ് നേടുന്നതിന് ഉപാധി മാത്രമല്ല, വ്യക്തിത്വ വികസനത്തിന്റെയും ജീവിതമൂല്യങ്ങളുടെയും പ്രക്രിയയാണെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള.**
- **പെട്രോൾ, ഡീസൽ വിലവർദ്ധനയ്ക്ക് സാധ്യതയുണ്ടെന്ന മാധ്യമ റിപ്പോർട്ടുകൾ നിഷേധിച്ച് പെട്രോളിയം പ്രകൃതിവാതക മന്ത്രാലയം.**
- **പാലക്കാട് , കൊല്ലം ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഉഷ്ണതരംഗ സാധ്യത മുന്നറിയിപ്പ് നൽകി.**
- **IPL ക്രിക്കറ്റിൽ മുംബൈ ഇന്ത്യൻസ് ഇന്ന് ചെന്നൈ സൂപ്പർ കിങ്സിനെ നേരിടും.**

## വാർത്തകൾ വിശദമായി

പശ്ചിമബംഗാളിലും തമിഴ്നാട്ടിലും നിയമസഭാ തെരഞ്ഞെടുപ്പിന്റെ പോളിംഗ് പുരോഗമിക്കുന്നു. ബംഗാളിൽ ഒന്നാം ഘട്ട തെരഞ്ഞെടുപ്പാണ് ഇന്ന്. വൈകിട്ട് ആറുവരെയാണ് വോട്ടെടുപ്പ്. ഇരു സംസ്ഥാനങ്ങളിലും ആദ്യ മണിക്കൂറുകളിൽ മികച്ച പോളിങ് രേഖപ്പെടുത്തി. ഒടുവിൽ ലഭ്യമായ കണക്കനുസരിച്ച് തമിഴ്നാട്ടിൽ 37.56 ഉം പശ്ചിമബംഗാളിൽ 41.11 ശതമാനവുമാണ് പോളിങ്.

തമിഴ്നാട്ടിൽ മുഖ്യമന്ത്രി MK സ്റ്റാലിൻ, നടനും തമിഴക വെട്രി കഴകം നേതാവുമായ വിജയ് ഉൾപ്പടെ പ്രമുഖർ വോട്ടു രേഖപ്പെടുത്തി. നടനും

MPയുമായ കമൽഹാസനും, രജനീകാന്തും സമ്മതിദാന അവകാശം വിനിയോഗിച്ചു.

ബംഗാളിലെ 16 ജില്ലകളിലെ 152 മണ്ഡലങ്ങളിലാണ് ഇന്ന് വിധിയെഴുതുന്നത്. 1478 സ്ഥാനാർത്ഥികളാണ് ഒന്നാം ഘട്ടത്തിൽ മത്സരിക്കുന്നത്. 44,000ത്തിലധികം പോളിംഗ് ബൂത്തുകൾ സജ്ജീകരിച്ചിട്ടുണ്ട്.

2304 പ്രശ്ന ബാധിത ബൂത്തുകളുണ്ട്. നീതിയുക്തമായ വോട്ടെടുപ്പിന് എല്ലാ ഒരുക്കങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്. 2407 കേന്ദ്ര സായുധ സേനാ കമ്പനികളേയും രണ്ട് ലക്ഷത്തി 40,000 ഉദ്യോഗസ്ഥരെയും സുരക്ഷാ-തെരഞ്ഞെടുപ്പ് ചുമതലയ്ക്കായി നിയോഗിച്ചിട്ടുണ്ടെന്നും തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

ബംഗാളിൽ മൂന്നരക്കോടിയിലധികം പേർ സമ്മതിദാന അവകാശം വിനിയോഗിക്കുമെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയച്ചു. രണ്ടാം ഘട്ട വോട്ടെടുപ്പ് ഈ മാസം 29നാണ്.

തമിഴ്നാട്ടിൽ 234 അംഗ നിയമസഭയിലേക്കാണ് തെരഞ്ഞെടുപ്പ്. സംസ്ഥാനത്ത് അഞ്ച് കോടി 73 ലക്ഷത്തി 43,291 വോട്ടർമാർക്കായി 75,064 പോളിംഗ് സ്റ്റേഷനുകൾ ഒരുക്കിയതായി തമിഴ്നാട് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ അർച്ചന പട്നായിക് അറിയിച്ചു.

ക്രമസമാധാന പാലനത്തിന് 84,000 പൊലീസ് ഉദ്യോഗസ്ഥരെ സംസ്ഥാനത്തുടനീളം വിന്യസിച്ചിട്ടുണ്ട്. ഇതിനുപുറമെ CRPF അടക്കം കേന്ദ്ര സായുധസേനയുടെ 300 കമ്പനികളെയും സുരക്ഷയ്ക്കായി നിയോഗിച്ചിട്ടുണ്ട്. മാതൃകാ പെരുമാറ്റച്ചട്ട ലംഘനങ്ങൾ പരിശോധിക്കുന്നതിനും കർശന നടപടി സ്വീകരിക്കുന്നതിനും ഫ്ലൈയിംഗ് സ്ക്വാഡുകൾ, നിരീക്ഷണ സംഘങ്ങൾ, സ്റ്റാറ്റിക് മോണിറ്ററിംഗ് യൂണിറ്റുകൾ എന്നിവയെയും സജ്ജമാക്കിയിട്ടുണ്ട്.

കേരളം, തമിഴ്നാട്, പുതുച്ചേരി, അസം, പശ്ചിമബംഗാൾ എന്നീ സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പ് ഫലം മെയ് നാലിനാണ് പ്രഖ്യാപിക്കുക.

✪✪✪

ആദ്യ ഘട്ട നിയമസഭാ തിരഞ്ഞെടുപ്പ് പുരോഗമിക്കുന്ന പശ്ചിമ ബംഗാളിലെ ജനങ്ങളോട് സമ്മതിദാനാവകാശ പ്രക്രിയയിൽ പങ്കാളിയാകണമെന്ന് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ അഭ്യർത്ഥിച്ചു. വോട്ട് ജനങ്ങളുടെ ശബ്ദമാണെന്നും അത് ശക്തമായി ഉയർന്നു കേൾക്കണമെന്നും അദ്ദേഹം പറഞ്ഞു. ഭരണഘടന കാണിച്ച പാത പിന്തുടരാനും ജനാധിപത്യത്തിന്റെ ആത്മാവ് ഉയർത്തിപ്പിടിക്കാനും മല്ലികാർജുൻ ഖാർഗെ സംസ്ഥാനത്തെ വോട്ടർമാരോട് ആവശ്യപ്പെട്ടു.

✪✪✪

തൃശ്ശൂർ പൂരം നടത്തിപ്പുമായി ബന്ധപ്പെട്ട ഉന്നത തലയോഗം പുരോഗമിക്കുന്നു. കളക്ടറേറ്റിലാണ് യോഗം. രാവിലെ 11ഓടെയാണ് യോഗം ആരംഭിച്ചത്. മന്ത്രിമാരായ വി എൻ വാസവൻ, കെ രാജൻ, ആർ ബിന്ദു തുടങ്ങിയവരും കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപിയും ജില്ലാ കളക്റ്റർ ശിഖ സുരേന്ദ്രനും മേയർ നിജി ജസ്റ്റിനും പങ്കെടുക്കുന്നുണ്ട്. പൂരത്തിന്റെ പ്രധാന നടത്തിപ്പുകാരായ പാറമേക്കാവ്, തിരുവമ്പാടി ദൈവസ്വങ്ങളുടെ പ്രസിഡണ്ട്, സെക്രട്ടറിമാരും യോഗത്തിലുണ്ട്.

പൂരം നടത്തിപ്പുമായി ബന്ധപ്പെട്ട് ഇരു ദേവസ്വങ്ങളും തീരുമാനങ്ങൾ യോഗത്തിൽ അറിയിക്കും.

നാളെ വരെ തിരുവമ്പാടി ദേവസ്വം ദുഃഖാചരണം പ്രഖ്യാപിച്ചിട്ടുണ്ട്. തിരുവമ്പാടി വിഭാഗത്തിന്റെ ദീപാലങ്കാരങ്ങൾ പ്രകാശിപ്പിക്കാതെ ആചാരപരമായ 'പറയെടുപ്പ്' ചടങ്ങുകൾ മാത്രമായിരിക്കും ഉണ്ടാവുക. രണ്ട് ദിവസത്തെ ചമയ പ്രദർശനം മറ്റന്നാളത്തേക്ക് മാത്രമായി ചുരുക്കി. സാമ്പിൾ വെടിക്കെട്ട് ഒഴിവാക്കി പൂരം വെടിക്കെട്ട് നടത്തണമെന്ന് പാറമേക്കാവ് വിഭാഗത്തിന്റെ ആവശ്യം.

✪✪✪

മുണ്ടത്തിക്കോട് വെടിക്കെട്ട് അപകടത്തിൽ പരിക്കേറ്റ് ICU-ൽ കഴിയുന്ന നാല് പേരിൽ ഒരാളുടെ നില മെച്ചപ്പെട്ടു. വിഷ്ണുവിന്റെ ആരോഗ്യ നിലയിലാണ് പുരോഗതി. രണ്ട് പേരെ ഡയാലിസിസിന് വിധേയമാക്കി. ബേൺസ് ICU-വിൽ കഴിയുന്ന തിരുവമ്പാടിയുടെ വെടിക്കെട്ട് കരാറുകാരൻ മുണ്ടത്തിക്കോട് സതീഷിന്റെ ആരോഗ്യനില ഗുരുതരമായി തുടരുന്നു. 11 പേരാണ് ചികിത്സയിൽ കഴിയുന്നത്.

✪✪✪

ഉത്തർപ്രദേശിലെ മിർസാപൂർ ജില്ലയിലുണ്ടായ വാഹനാപകടത്തിൽ രാഷ്ട്രപതി ദ്രൗപതിമുർമു, ഉപരാഷ്ട്രപതി C.P.രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്രമോദി എന്നിവർ ദുഃഖം അറിയിച്ചു. പരിക്കേറ്റവർ വേഗം സുഖം പ്രാപിക്കട്ടെ എന്ന് അവർ സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ ബന്ധുക്കൾക്ക് പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്ന് രണ്ട് ലക്ഷം രൂപ വീതം ധനസഹായം പ്രഖ്യാപിച്ചു. പരിക്കേറ്റവർക്ക് 50,000 രൂപ വീതം നൽകും.

നാല് കുട്ടികൾ ഉൾപ്പെടെ 11 പേരാണ് അപകടത്തിൽ മരിച്ചത്.

✪✪✪

വിദ്യാഭ്യാസം അറിവ് നേടുന്നതിന് ഉപാധി മാത്രമല്ല, സമഗ്രമായ വ്യക്തിത്വ വികസനത്തിന്റെയും ജീവിതമൂല്യങ്ങളുടെ ആന്തരികവൽക്കരണത്തിന്റെയും പ്രക്രിയയാണെന്നും ലോക്സഭാ സ്പീക്കർ ഓം ബിർള പറഞ്ഞു. ഡൽഹി പബ്ലിക് സ്കൂളിന്റെ വാർഷിക ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഇന്നത്തെ കാലഘട്ടത്തിൽ, യുവാക്കൾ നവീകരണം, യഥാർത്ഥ ചിന്ത, സാങ്കേതികവിദ്യ എന്നിവയിലൂടെ മുന്നേറേണ്ടത് അത്യാവശ്യമാണെന്നും സ്പീക്കർ പറഞ്ഞു.

'ദേശീയ വിദ്യാഭ്യാസ നയം 2020' വഴി, രാജ്യത്തെ വിദ്യാഭ്യാസ സമ്പ്രദായം പുതിയ ദിശ കൈവരിക്കുന്നുണ്ടെന്നും, അത് വിദ്യാർത്ഥികൾക്കിടയിൽ ജിജ്ഞാസ, കഴിവുകൾ എന്നിവ വളർത്തിയെടുക്കുന്നുണ്ടെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

✪✪✪

പെട്രോൾ, ഡീസൽ വിലവർദ്ധനയ്ക്ക് സാധ്യതയുണ്ടെന്ന മാധ്യമ റിപ്പോർട്ടുകൾ പെട്രോളിയം പ്രകൃതിവാതക മന്ത്രാലയം നിഷേധിച്ചു. വില വർദ്ധിപ്പിക്കുന്ന നിർദേശം കേന്ദ്രഗവൺമെന്റിന്റെ മുന്നിലില്ലെന്നും മന്ത്രാലയം വ്യക്തമാക്കി. ജനങ്ങൾക്കിടയിൽ പരിഭ്രാന്തി പരത്തുന്നതും തെറ്റിദ്ധരിപ്പിക്കുന്നതുമായ വാർത്തകളാണ് ഇതെന്ന് മന്ത്രാലയം അറിയിച്ചു. നാല് വർഷത്തിനിടയിൽ പെട്രോൾ ഡീസൽ വില വർദ്ധിക്കാത്ത ഏക രാജ്യം ഇന്ത്യയാണെന്നും മന്ത്രാലയം വ്യക്തമാക്കി. അന്താരാഷ്ട്ര വില കുത്തനെ വർദ്ധിപ്പിക്കുമ്പോൾ പൗരന്മാരെ സംരക്ഷിക്കുന്നതിന് കേന്ദ്രഗവൺമെന്റും പൊതുമേഖലാ എണ്ണക്കമ്പനികളും നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മന്ത്രാലയം അറിയിച്ചു.

✪✪✪

സങ്കീർണ്ണമായ ഭൗമരാഷ്ട്രീയ വെല്ലുവിളികളിലൂടെ ലോകം കടന്നുപോകുമ്പോൾ ഇന്ത്യ - ആഫ്രിക്ക പങ്കാളിത്തം പ്രാധാന്യമർഹിക്കുന്നുവെന്ന് വിദേശകാര്യമന്ത്രി ഡോ.എസ്. ജയ്ശങ്കർ പറഞ്ഞു. മെയ് 28 മുതൽ ന്യൂഡൽഹിയിൽ നടക്കുന്ന നാലാമത് ഇന്ത്യ-ആഫ്രിക്ക ഉച്ചകോടിയുടെ ലോഗോ പ്രകാശന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

✪✪✪

ഇന്ത്യ-ഈജിപ്ത് സംയുക്ത പ്രതിരോധ സമിതിയുടെ 11-ാമത് യോഗം കെയ്റോയിൽ സമാപിച്ചു. ഉഭയകക്ഷി പ്രതിരോധ സഹകരണം ഉറപ്പാക്കുന്നതിൽ സുപ്രധാന ചുവടുവയ്പ്പായി യോഗം മാറി.

ലോകമഹായുദ്ധങ്ങളിൽ ത്യാഗം ചെയ്ത ഇന്ത്യൻ സൈനികരെ ആദരിച്ച് ഇന്ത്യൻ പ്രതിനിധി സംഘം ഹീലിയോപോളിസ് യുദ്ധസ്മാരകത്തിൽ ആദരാഞ്ജലി അർപ്പിച്ചു.

✪✪✪

ഹോർമുസ് കടലിടുക്കിൽ ഇറാൻ നാവിക ഉപരോധം ശക്തമാക്കിയതോടെ പശ്ചിമേഷ്യ വീണ്ടും യുദ്ധഭീതിയിലായി. സമുദ്ര സുരക്ഷാ മാനദണ്ഡങ്ങൾ ലംഘിച്ചെന്ന് ആരോപിച്ച് രണ്ട് കണ്ടെയ്നർ കപ്പലുകൾ ഇറാന്റെ ഇസ്‌ലാമിക് റെവല്യൂഷണറി ഗാർഡ് കോർപ്സ് പിടിച്ചെടുത്തു.

ഒമാൻ തീരത്തിന് സമീപം മറ്റൊരു കപ്പലിന് നേരെ വെടിവയ്പുണ്ടായതായും റിപ്പോർട്ടുണ്ട്. കപ്പലിന്റെ മുൻഭാഗത്തിന് കാര്യമായ കേടുപാടുകൾ സംഭവിച്ചെങ്കിലും ആർക്കും പരിക്കേറ്റതായി സ്ഥിരീകരിച്ചിട്ടില്ല.

ഇറാനുമായി രണ്ടാഴ്ചത്തെ വെടിനിർത്തൽ കാലാവധി അവസാനിച്ചെങ്കിലും സമുദ്രമേഖലയിലെ നിലവിലെ സൈനിക വിന്യാസം തുടരുമെന്ന് വൈറ്റ് ഹൗസ് അറിയിച്ചു. സമഗ്രമായ കരാറിൽ എത്തുന്നതുവരെ സമ്മർദ്ദം തുടരുമെന്നും ടെഹ്റാനുമായി അടുത്ത 72 മണിക്കൂറിനുള്ളിൽ ചർച്ചകൾക്ക് സാധ്യതയുണ്ടെന്നും യു.എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് വ്യക്തമാക്കി. ഉപരോധങ്ങളും ഭീഷണികളും ചർച്ചകൾക്ക് തടസ്സമാണെന്ന് ഇറാൻ പ്രസിഡന്റ് മസൂദ് പെസെഷ്കിയാൻ പ്രതികരിച്ചു. വാഗ്ദാനങ്ങൾ ലംഘിക്കുന്നത് ചർച്ചകളെ ബാധിക്കുമെന്നും എന്നാൽ സമാധാനപരമായ ചർച്ചകളെ ഇറാൻ എന്നും സ്വാഗതം ചെയ്യുന്നുണ്ടെന്നും അദ്ദേഹം അറിയിച്ചു.

✪✪✪

ഇന്ത്യയും അമേരിക്കയും തമ്മിൽ വ്യാപാര നിക്ഷേപങ്ങൾ വർധിപ്പിക്കുന്നതിന്റെ ഭാഗമായി അമേരിക്കയിലെ ഇന്ത്യൻ അംബാസഡർ വിനയ് മോഹൻ ക്വാത്ര, അറ്റ്ലസ് എയർ വേൾഡ് വൈഡ് CEO മൈക്കൽ സ്റ്റീനുമായി കൂടിക്കാഴ്ച നടത്തി. ഇരുരാജ്യങ്ങളും തമ്മിൽ ചരക്ക് നീക്കത്തിന് വിതരണ ശൃംഖലകൾ വിപുലീകരിക്കുന്നതിനെക്കുറിച്ച് ഇരുവരും ചർച്ച ചെയ്തു.

✪✪✪

ഇന്ത്യയും വിയറ്റ്നാമും തമ്മിൽ നയതന്ത്രബന്ധം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വിദേശകാര്യ മന്ത്രാലയ സെക്രട്ടറി പി. കുമാരൻ, വിയറ്റ്നാം വിദേശകാര്യ ഉപമന്ത്രി എൻഗുയാൻ മാൻ ക്വോങ്ങുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഇരുരാജ്യങ്ങളുടെയും സമഗ്ര നയതന്ത്ര പങ്കാളിത്തം

ദൃഢമാക്കുന്നതിൽ ഫലപ്രദമായ ചർച്ചകൾ നടത്തിയതായി വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

✪✪✪

പാലക്കാട് , കൊല്ലം ജില്ലകളിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് ഉഷ്ണതരംഗ സാധ്യത മുന്നറിയിപ്പ് നൽകി. താപനില 40 ഡിഗ്രി സെൽഷ്യസിന് മുകളിൽ ഉയരുകയും സാധാരണ താപനിലയെക്കാൾ നാലര ഡിഗ്രിയിലധികം വ്യതിയാനം രേഖപ്പെടുത്തപ്പെടുകയും ചെയ്ത പശ്ചാത്തലത്തിലാണിത്.

പൊതുവെ സംസ്ഥാനമാകെ ചൂട് വർധിച്ചിരിക്കുന്ന സാഹചര്യത്തിൽ മുഴുവൻ ജില്ലകളിലും കർശനമായ സുരക്ഷാ മുൻകരുതലുകൾ സ്വീകരിക്കണമെന്ന് ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു.

✪✪✪

ചൂട് വർദ്ധിക്കുന്ന സാഹചര്യത്തിൽ മാഹി മേഖലയിലെ എല്ലാ സ്കൂളുകളും ഇന്നു മുതൽ ഈ മാസം 31 വരെ അടച്ചിടും. അവധിക്കാലത്ത് പ്രത്യേക ക്ലാസുകളും മറ്റ് അക്കാദമിക പ്രവർത്തനങ്ങളും നടത്തരുതെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഒൻപത്, 11 ക്ലാസുകളിലെ പരീക്ഷകൾ നിലവിലെ ടൈംടേബിൾ പ്രകാരം നടത്തും.

✪✪✪

കടുത്ത വേനലിനെത്തുടർന്ന് ചാലിയാറിലെ ഏതാനും ആദിവാസി കുടുംബങ്ങൾ താമസം പുഴയോരത്തേക്കു മാറ്റി. ചാലിയാർ പഞ്ചായത്തിലെ ആഢ്യൻപാറ മേഖലയിലെ പ്ലാക്കൽചോല ഉന്നതിയിലെ 24 കുടുംബങ്ങളാണ് കാഞ്ഞിരപ്പുഴയുടെ തീരത്തേക്ക് താമസം മാറ്റിയത്.

✪✪✪

ഇന്ന് ലോക പുസ്തക ദിനം. സാഹിത്യലോകത്തെ ഇതിഹാസങ്ങളായ വില്യം ഷേക്സ്പിയറിന്റെയും സെർവാന്റസിന്റെയും ചരമദിനമാണ് ലോക പുസ്തക ദിനമായി ആചരിക്കുന്നത്.

വായനയുടെയും പ്രസിദ്ധീകരണത്തിന്റെയും പകർപ്പവകാശത്തിന്റെയും പ്രാധാന്യം ലോകമെമ്പാടും പ്രചരിപ്പിക്കുന്നതിനാണ് യുനെസ്കോ എല്ലാ വർഷവും ഏപ്രിൽ 23-ന് ലോക പുസ്തക ദിനം ആചരിക്കുന്നത്. ഡിജിറ്റൽ യുഗത്തിലും പുസ്തകങ്ങളുമായി ബന്ധം നിലനിർത്താൻ പുതുതലമുറയെ പ്രേരിപ്പിക്കുക, എഴുത്തുകാരുടെയും പ്രസാധകരുടെയും അവകാശങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുക എന്നിവയാണ് ദിനത്തിന്റെ ലക്ഷ്യം.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ്, ചെന്നൈ സൂപ്പർ കിങ്സിനെ നേരിടും. മുംബൈയിലെ വാങ്കഡെ സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരക്കാണ് മത്സരം.

✪✪✪

കണ്ണൂർ അഞ്ചരക്കണ്ടി ദന്തൽ കോളേജ് ബി.ഡി.എസ് വിദ്യാർത്ഥി നിതിൻ രാജിന്റെ മരണത്തിൽ കുറ്റക്കാരായവരെ അറസ്റ്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് യൂത്ത് ലീഗ് പ്രവർത്തകർ കോളേജിലേക്ക് നടത്തിയ മാർച്ചിൽ സംഘർഷം. ബാരിക്കേഡ് മറികടക്കാൻ ശ്രമിച്ച പ്രവർത്തകരെ പൊലീസ് ബലംപ്രയോഗിച്ച് നീക്കി.

ദന്തൽ കോളേജിലെ അധ്യാപകരായ ഡോ. റാം, ഡോ. സംഗീത നമ്പ്യാർ എന്നിവരുടെ മുൻകൂർ ജാമ്യ അപേക്ഷ തലശ്ശേരി കോടതി ഇന്ന് പരിഗണിക്കും.

✪✪✪

സ്വർണവില കുറഞ്ഞു. പവന് 880 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 12,600 രൂപയായി. 14,075 രൂപയാണ് ഗ്രാമിന് ഇന്നത്തെ വില.

✪✪✪

ISL ഫുട്ബോളിൽ കേരള ബ്ലാസ്റ്റേഴ്സ് ഇന്ന് ഒഡിഷ FCയെ നേരിടും. കൊച്ചി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരക്കാണ് മത്സരം. ജംഷഡ്പൂർ FCയെ തോൽപിച്ച ആത്മവിശ്വാസത്തോടെയാണ് സ്വന്തം തട്ടകത്തിൽ കേരളം ഇന്ന് കളിക്കാനിറങ്ങുന്നത്.

✪✪✪

ജോഹന്നാസ്ബർഗിൽ വനിതാ ട്വന്റി-20 അന്താരാഷ്ട്ര ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരത്തിൽ ഇന്ത്യയെ ദക്ഷിണാഫ്രിക്ക ഒമ്പത് വിക്കറ്റിന് പരാജയപ്പെടുത്തി. ഇന്ത്യ ഉയർത്തിയ 193 റൺസ് വിജയലക്ഷ്യം 16.3 ഓവറിൽ ഒരു വിക്കറ്റ് നഷ്ടത്തിൽ ദക്ഷിണാഫ്രിക്ക മറികടന്നു. അഞ്ചു മത്സര പരമ്പരയിൽ ഇന്ത്യ മൂന്നിലും പരാജയപ്പെട്ടു.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: നിഷിത കുമാരി*
*News Team: ഫസ്ന ഫാത്തിമ, ശരണ്യ രാജൻ, സാലിം*
*DEO : സി കെ സുബോധ്*